# ലക്ഷദ്വീപ് സംയോജിത ദ്വീപ് മാനേജ്മെന്റ് പ്ലാൻ

## ആന്ത്രോത്ത് ദ്വീപ്

### 1. പാശ്ചാത്തലം

1.1. മാറിവരുന്ന വർദ്ധിച്ച വാർത്താ വിനിമയ സൗകര്യം മുൻനിർത്തി ദ്വീപിലെ ജന സമൂഹം അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് ശ്രമിക്കുന്ന ഈ ഘട്ടത്തിൽ സന്തുലിതമായ ദ്വീപിന്റെ പരിസ്ഥിതി നേരിടുന്ന ഭീഷണിയും സംരക്ഷണത്തിന്റെ പ്രാധാന്യവും കൂടി കണക്കിലെടുത്താണ് ഭൗമശാസ്ത്ര കേന്ദ്രം ലക്ഷദ്വീപ് ഭരണകൂടത്തിന് വേണ്ടി സംയോജിത ദ്വീപ് മാനേജ്മെന്റ് പ്ലാൻ (IIMP) തയ്യാറാക്കിയിട്ടുള്ളത്. 2011 ൽ ഇന്ത്യ ഗവൺമെന്റ് പരിസ്ഥിതി വനം വകുപ്പ് വിജ്ഞാപനം ചെയ്ത ദ്വീപ് സംരക്ഷണ മേഖല (Island Protection Zone) സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം അടിസ്ഥാനമാക്കിയാണ് ഈ സംയോജിത ദ്വീപ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

1.2. സംയോജിത ദ്വീപ് മാനേജ്മെന്റ് പ്ലാനിൽ നിലവിലുള്ളതും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ വികസന പദ്ധതികളും, സംരക്ഷിത സംരക്ഷണ മേഖലകൾ, ജനവാസ സൗകര്യങ്ങൾ, വിദ്യാലയങ്ങൾ, മാർക്കറ്റ്, ആശുപത്രി, പൊതുസേവനങ്ങൾ മുതലായവ കൂടി ഉൾപ്പെട്ടിട്ടുണ്ട്. മാനേജ്മെന്റ് പ്ലാനിൽ എല്ലാ തരം വികസന പ്രവർത്തിനങ്ങൾക്കും ആവശ്യമായ സ്ഥലസംമ്പന്ധമായ കാര്യങ്ങൾ കണക്കിലെടുത്തിട്ടുണ്ട്.

(i) വേലിയേറ്റ രേഖയിൽ നിന്നും മുകളിലേക്കുള്ള ദ്വീപിലെ മുഴുവൻ ഭൂപ്രദേശവും

(ii) വേലിയേറ്റ രേഖയിൽ നിന്നും വേലിയിറക്ക രേഖവരെയുള്ള വേലിയേറ്റ മേഖല.

(iii) വേലിയേറ്റ രേഖമുതൽ പ്രാദേശിക ജലാതിർത്തി (12 നോട്ടിക്കൽ മൈൽ അഥവാ 20 കി.മീ) വരെയുള്ള ജലവും അടിത്തട്ടും ഉൾപ്പെട്ട മേഖല. പരിസ്ഥിത വനം വകുപ്പ് മന്ത്രാലയം ചട്ടപ്പെടുത്തിയ പ്രകാരം അനുവതനീയമായ പ്രവർത്തികൾ (അനുബന്ധക).

1.3. ഇതിലേക്കാവശ്യമായ വിവരങ്ങൾ ഏറെയും വിവിധ ദ്വീപുകളിൽ സ്ഥല പരിശോധന നടത്തി ശേഖരിച്ചവയാണ്. 1:4000 സ്കെയിൽ അടിസ്ഥാനമാക്കി ദ്വീപിന്റെ ഭൗതിക സ്തിതിവിവരം തയ്യാറാക്കാൻ ഡിജിറ്റൽ സാങ്കേതിക വിദ്യ

ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ദ്വീപിലെ ജനവാസ മേഖലയും അടിസ്താന സൗകര്യ വിവരങ്ങളും ശേഖരിക്കാൻ ജി.പി.എസ് ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഈ മേഖലകളുടെ തനതായ എല്ലാ കാര്യങ്ങളും ഉൾപ്പെടുത്തിയാണ ഭൂപടം തയ്യാറാക്കിയിട്ടുള്ളത്. സംരക്ഷിത, സംരക്ഷണ മേഖലയുടെ ഭൂപടം പ്രത്യേകമായി തയ്യാറാക്കിയതാണ്. ദ്വീപ് മൊത്തമായും അതിനോട് ചേർന്നുള്ള ജനവാസമേഖലയും ഈ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2007ൽ തയ്യാറാക്കിയ പവിഴപ്പുറ്റുകൾ സംബന്ധിച്ച ഭൂപടങ്ങൾക്ക് ഉന്നതനിലവാരമുള്ള ഉപഗ്രഹചിത്രങ്ങൾ ആധാരമാക്കുകയുണ്ടായി. ഇത്തരത്തിൽ ലഭ്യമായ വിവരങ്ങൾ ARC-GIS വേദിയിൽ ഉൾപ്പെടുത്തി. 1:4000 അനുപാദത്തിലെ സ്കെയിൽ അടിസ്താനമാക്കിയാണ ഭൂപടം തയ്യാറാക്കിയിട്ടുള്ളത്. പരിസ്ഥിതി വനം മന്ത്രാലയം 1:10,000 അനുപാദത്തിലുള്ള സ്കെയിൽ അടിസ്താനമാക്കി സംയോജിത ദ്വീപ് മാനേജ്മന്റ് പ്ലാൻ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും പൊതുവെ ചെറുതായ ദ്വീപിനെ അടിസ്താനപ്പെടുത്തിയുള്ള ഈ പദ്ധതിയുടെ വ്യക്തതയ്ക്ക് വേണ്ടി 1:4000 സ്കെയിലിലാണ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

1.4. സംയോജിത ദ്വീപ് മാനേജ്മന്റ് പ്ലാനിൽ അടിസ്ഥാനപരമായി തീരദേശ പരിസ്ഥിതി മേഖലയിൽ ഉൾപ്പെട്ടതുമായ സംരക്ഷിത, സംരക്ഷണ പ്രദേശങ്ങൾക്ക് ആവശ്യമായ ഊന്നൽ നൽകിയിട്ടുണ്ട്. ഈ പരിസ്ഥിതി മേഖലയുടെ നടത്തിപ്പിനെക്കുറിച്ച് വ്യകതമായ അറിവുള്ളതും പ്രക്രൃതിയിലുണ്ടാകുന്നതുമായ മാറ്റങ്ങളും പരിഗണനയിലെടുത്തിട്ടുണ്ട്. തീരദേശ ആവാസ വ്യവസ്ഥിതിയെ മാറ്റം വരുത്താൻ പാടില്ലാത്തതും അനുഭവമെടുക്കാവുന്നതും, മാറ്റങ്ങൾക്ക് വിധേയമാകുന്നതുമായ മേഖലകളാക്കി തിരിച്ചിട്ടുണ്ട്. മാറ്റം വരുത്താൻ പാടില്ലാത്ത മേഖലയിൽ അനുവദനീയമായ പ്രവൃത്തികൾ, വിനോദങ്ങൾ, ഗവേഷണം, പഠനങ്ങൾ എന്നിങ്ങനെ ആവാസവ്യവസ്ഥയിൽ യാതൊന്നും എടുത്തു നീക്കാൻ പാടില്ലാത്തതും ആവാസവ്യവസ്ഥയ്ക്ക് ദോഷകരവുമല്ലാത്ത കാര്യങ്ങൾ ഉൾപ്പെടുന്നു. അനുവദനീയമായ കാര്യങ്ങളിൽ മീൻപിടുത്തം, ഭൂഗർഭജലം, തീരമേഖലയിലെ മരത്തിന്റെ തടികൾ ശേഖരിക്കൽ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. പരിസ്ഥിതിയിൽ മാറ്റം വരാനിടയുള്ള (പവിഴപ്പുറ്റ് ശേഖരണം, സംസ്ക്കരിക്കാത്ത മാലിന്യങ്ങളുടെ നിർമാർജ്ജനം മുതലായവ) ദോഷകരമായ പ്രവർത്തനങ്ങളാണ്. ചില സാഹചര്യത്തിൽ മേൽ പറഞ്ഞ കാര്യങ്ങളിൽ പരസ്പരം കടന്നു കയറ്റം ഉണ്ടാകാവുന്നതാണ്. ദ്വീപുകളിലെ പ്രധാന തീരദേശ പരിസ്ഥിതി, പവിഴപ്പുറ്റുകൾ, കടൽപ്പുല്ലുതടങ്ങൾ, മണൽത്തിട്ടകൾ, ലഗൂൺ, കടൽത്തീരത്തെ മണൽപ്രദേശം എന്നിവയാണ്.

കടലിലേക്ക് ഇത്തരം മാലിന്യങ്ങൽ നിക്ഷേപിക്കുന്നതും മൊത്തമായി കത്തിച്ചു നശിപ്പിക്കുന്ന സമ്പ്രദായത്തിനും പകരമായി മറ്റുവഴി തേടേണ്ടതുണ്ട്.

1.5. സംയോജിത ദ്വീപ് മാനേജ്മന്റ് പ്ലാനിൽ ദ്വീപിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകിയിട്ടുണ്ട്. സാമൂഹികാവശ്യങ്ങളിൽ പ്രാഥമിക ആരോഗ്യസംരക്ഷണം, ഉറപ്പുവരുത്തുന്നതിനു വേണ്ട കേന്ദ്രങ്ങളും കിടക്കകളും, ഹൈസ്കൂളുകൾ, പ്രാഥമിക വിദ്യാലയങ്ങൾ, നേഴ്സറി വിദ്യാലയങ്ങൾ, മദ്രസ്സകൾ, അഗ്നിനിയന്ത്രണ സംരക്ഷണ സംവിധാനം, അവശ്യ വാർത്താവിനിമയ ഗതാഗതസൗകര്യങ്ങൾ മുതലായവ ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതുവായി ഒരു കോളേജ്, ഐ.ടി.ഐ എന്നിവ ഹോസ്റ്റലോടു കൂടി ഒന്നോ രണ്ടോ വലിയ ദ്വീപിൽ ആകാവുന്നതാണ്. കൃതിമ അടിത്തറയോടെ 2-3നില കെട്ടിടങ്ങളുണ്ടാക്കാവുന്നതും അവ അടിയന്തര ഘട്ടങ്ങളിൽ പ്രകൃതി ദുരന്തങ്ങളുണ്ടാവുമ്പോൾ സുരക്ഷാകേന്ദ്രങ്ങളായി ഉപയോഗിക്കവുന്നതുമാണ്. പാർക്കുകൾ, കളിസ്ഥലങ്ങൾ എന്നിവയ്ക്കായി ജനവാസമേഖലയിൽ സ്ഥലം കരുതിവെയ്ക്കേണ്ടതാണ്. ഇവകളിൽ വിവിധ പ്രായക്കാർക്കാവശ്യമായ പൊതുസൗകര്യങ്ങളുമേർപ്പെടുത്തണം. ഒരു സ്റ്റേഡിയം അഥവാ ആധുനിക കളിസ്ഥലം ഒന്നോ രണ്ടോ വലിയ ദ്വീപിൽ തയ്യാറാക്കണം. ഹൈസ്കൂളുകളെ കേന്ദ്രീകരിച്ച് സ്കൂൾ സമയം കഴിഞ്ഞ് സാംസ്കാരിക പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്താവുന്നതാണ്.

1.6. മിക്ക ദ്വീപുകളിലും ശുദ്ധജല സ്രോതസ്സ് കുറവാണ്. കവരത്തി, അഗത്തി, മിനിക്കോയ് എന്നീ ദ്വീപുകളിൽ കടൽവെള്ളം ശുദ്ധീകരണത്തിലൂടെ ഈ കുറവ് നികത്തുന്നു. ഈ അടിസ്ഥാനസൗകര്യം എല്ലാ ദ്വീപുകളിലും വേണ്ടതാണ്. മലിനജലം ഇപ്പോൾ പരമ്പരാഗത സെപ്റ്റിക് ടാങ്കുകളിലാണ് നിക്ഷേപിക്കുന്നത്. മണ്ണിന്റെ ഘടനയനുസരിച്ച് പകരമായി ഭസ്മീകരണകുളങ്ങളോ, എസ്.ടി.പി നിലയങ്ങളോ ഉണ്ടാക്കി മലിനജല നിയന്ത്രണത്തിനു പരിഗണിക്കാവുന്നതാണ്. ഖരമാലിന്യങ്ങളുടെ നിയന്ത്രണം ഏറെ പ്രശ്നങ്ങളടങ്ങിയതാണ്.

1.7 പുതിയ സ്വകാര്യഭവനങ്ങൾക്കുള്ള ആവശ്യം താരതമ്യേന ചുരുങ്ങുവാൻ സാധ്യതയുണ്ടെന്ന് ദ്വീപിലെ ദശവാർഷിക ജനസംഖ്യാവർദ്ധന ദേശീയ ശരാശരിയിൽ കുറവായി തുടരുന്നതിൽ നിന്നും കണക്കാക്കാവുന്നതാണ്. യഥാർത്ഥത്തിൽ ഏറിയകൂറുംകൂടുതൽ പുതിയ ഭവന നിർമ്മാണ ആവശ്യം ഗവൺമന്റ് ഭാഗത്താണ്. അതും നിർദ്ദിഷ്ട നിലവാരത്തിലുള്ള ഇരുനില കെട്ടിടങ്ങൾക്കാണ്. സ്വകാര്യ ഭവനങ്ങൾ തുടർച്ചയായി പുതുക്കി ഇരുനില കെട്ടിടങ്ങളായി പുതുക്കിപ്പണിയുന്നു. ഇത്തരം

ഘട്ടങ്ങളിൽ പുരയിടങ്ങളിലേക്ക് റോഡിൽ നിന്നും വഴി സൗകര്യം വേണമെന്ന് ആവശ്യപ്പെടുന്നു. അവരും കൂടുതൽ മെച്ചപ്പെട്ട സാമൂഹ്യവും സൗകര്യപ്രദവുമായ അടിസ്ഥാന സൗകര്യങ്ങളും ജീവിത നിലവാരം ഉയർത്താൻ വേണ്ട മറ്റു സൗകര്യങ്ങളും ആഗ്രഹിക്കുന്നു. ദ്വീപിലെ ഭൂമി പ്രാഥമികമായി അവരുടെ കൈവശവും, ഉടമസ്ഥത യിലുമാകയാൽ ജനവാസ മേഖലയിൽ ഹോംസ്റ്റേക്ക് സജ്ജമാക്കാൻ പുതിയവ ഉണ്ടാക്കുന്നതിനേക്കാൾ നിലവിലുള്ള വീടുകൾ വികസിപ്പിക്കുകയാവും ഉത്തമം. അത്തരം പ്രവർത്തനങ്ങള്ക്കുപോലും അതാത് ഗ്രാമസഭയുടെ ഭൂരിപക്ഷ അംഗീകാരം ലഭിച്ച ശേഷമെ അനുവദിക്കാവൂ.

1.8 സംയോജിത ദ്വീപ് മാനേജ്മന്റ് പ്ലാൻ രൂപം നൽകിയിട്ടുള്ളത് 06.01.2011 കേന്ദ്രപരിസ്ഥിതി വനം മന്ത്രാലയം വിജ്ഞാപനം ചെയ്ത നിർദ്ദേശങ്ങൾ (അനുബന്ധം - IV) ക്കും 11.05.2012 തിയതിയിലെ ബഹുമാനപ്പെട്ട സുപ്രീം കോടതി കല്പ്പനയ്ക്കും അനുസൃതമായിട്ടാണ്. സംയോജിത ദ്വീപ് മാനേജ്മന്റ് പ്ലാൻതയ്യാറാക്കേണ്ടത്. 1986ലെ പരിസ്തിതി സംരക്ഷണ നിയമപ്രകാരമായിരിക്കേതും വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട പദ്ധതികൾ ദ്വീപു ജനതയുടെ നാനാവിധ താത്പര്യങ്ങൾ, ഉപജീവനമാർഗ്ഗം, മറ്റു അനുബന്ധ ഘടകങ്ങൾ എന്നിവയുമായി ഉണ്ടാകാവുന്ന സ്വാധീനം കണക്കിലെടുത്തായിരിക്കണമെന്ന സുപ്രീം കോടതിയുടെ കല്പന പ്രകാരമാണ്.

(i)ഭൂവിനിയോഗരീതികൾ, ഭൂവിഭവസംരക്ഷണം, സംരക്ഷണവുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ.

(ii) അനുവദനീയമായ ഭൂവിനിയോഗമാതൃക /വിവിധ ഭൂമേഖലയിൽ നിരോധിക്കപ്പെട്ടിട്ടുള്ളവ ദ്വീപുകളിൽ ലഗൂണിനു അകത്തും പുറത്തും വിപുലമായ തോതിൽ പവിഴപ്പുറ്റുകൾ കാണപ്പെടുന്നുണ്ട്. സാധാരണയായി ലഗൂണിനകത്ത് 1-2 മീറ്റർ ആഴമുള്ള സ്തലങ്ങളിലാണു പവിഴപ്പുറ്റുകൾ കാണപ്പെടുന്നത്. ഇത് തിരയടിക്കുന്ന തീരങ്ങളിൽ നിന്നും അകലെയാണു. ലഗൂണിനു പുറത്ത് 30-40 മീറ്റർ വരെ ആഴത്തിൽ പവിഴപ്പുറ്റുകൾ കാണപ്പെടുന്ന്. ദ്വീപു ഭരണകൂടം പവിഴപ്പുറ്റുകളെ സംബന്ധിച്ചു നടത്തിയ പര്യവേഷണത്തിൽ 14% മുതൽ 24% വരെ സജീവമായ പവിഴപ്പുറ്റുകൾ ഉള്ളതായി കണ്ടിട്ട്. ബ്രൈൻ കോറൽ, പ്ലേറ്റ് കോറൽ മുതലായവയുൾപ്പെട്ട മേഖലകളെ സംരക്ഷിത മേഖലകളായി പ്രഖ്യാപിക്കേണ്ടതാണ്. എന്നാൽ ബ്രാൻജിങ്ങു കോറലുകൾ ഉൾപ്പെട്ട മറ്റു സ്ഥലങ്ങൾ സംരക്ഷണ മേഖലയിൽ ഉൾപ്പെടുത്തേണ്ടതാണു. ഈ

മേഖലയോട് ചേർന്നുള്ള മറ്റു മേഖലയെ ബഫർ മേഖല (കരുതൽ ശേഖര മേഖല) യായും കണക്കാക്കണം. ബാക്കി മേഖലയെ ആളില്ലാത്ത പ്രദേശങ്ങളായി കണക്കാക്കുന്നു. ഇത്തരത്തിൽ പ്രത്യേക പരിഗണന കടൽപ്പുല്ലുൾപ്പെട്ട തടങ്ങൾക്കും നൽകേണ്ടത്.

(iii) കെട്ടിട നിർമ്മാണത്തിനും മറ്റു അനുബന്ധ വികസന പ്രവർത്തനത്തിനുമായി ലളിതമായ നിയമാവലി/ ചട്ടങ്ങൾ/അഗ്നിസുരക്ഷ/ ആരോഗ്യം/ ശുചീകരണം മുതലായവ

1.9 ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം രൂപീകരിച്ച ഉന്നതാധികാരസമിതി തീരപ്രദേശത്ത് പാലിക്കേണ്ട വേലിയേറ്റ വേലിയിറക്ക മേഖലയിലെ വികസന നിരോധിതമേഖലയെ സംബന്ധിച്ച് (NDZ) സ്വീകരിക്കേണ്ട നിയന്ത്രണങ്ങൾ/നിർദ്ദേശങ്ങൾ വിശദമായി പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. വികസന നിരോധിതമേഖല (NDZ) യായി ഒരു നിശ്ചിത പ്രദേശം സംരക്ഷിക്കേണ്ടതിന്റെ ഉദ്ദേശങ്ങൾ തീരദേശനിയമപ്രകാരം താഴെ പറയുന്നവയാണ്.

(i) ജീവനും സ്വത്തുക്കൾക്കും കടലാക്രമണം, മണ്ണൊലിപ്പ്, കൊടുങ്കാറ്റ്, ഭൂ ഉപരിതലത്തിലെ താപവർദ്ധന കാരണം സമുദ്രനിരപ്പിലുണ്ടാകുന്ന ഉയർച്ച മുതലായവയിൽ നിന്നും സംരക്ഷണം നൽകേണ്ടതിന്.

(ii) പരിസ്ഥിതി സംരക്ഷണം, തീരദേശത്തുള്ള ജൈവസമ്പത്തിനുള്ള നാശഭീഷണി ഏറെ പ്രത്യേകതയുള്ളതും പ്രകൃതിരമണീയവുമായ തീരദേശങ്ങളുടെ സംരക്ഷണത്തിനും

(iii) തീരപ്രദേശത്തേക്ക് തടസ്സങ്ങളില്ലാതെ പൊതുജനങ്ങൾക്ക് ആവശ്യാനുസരണം വരാനും വിനിയോഗിക്കാനുമുള്ള സൗകര്യം

(iv) പരിസ്ഥിതിക്ക് ഇണങ്ങുന്നതും ചെലവുചുരുങ്ങിയതുമായ തീരദേശസംരക്ഷണ പ്രവർത്തനങ്ങൾ

(v) തീരദേശത്തുള്ള വിവിധങ്ങളായ പ്രവർത്തനങ്ങൾ നിയന്ത്രിച്ചുകൊണ്ട് വികസന ലക്ഷ്യങ്ങൾ നേടുന്നതോടൊപ്പം പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുക.

## 2. സംയോജിത ദ്വീപ് മാനേജ്മെന്റ് പ്ലാൻ – ആന്ത്രോത്ത്

2.1 വൻകരയോട് ഏറ്റവും അടുത്തായിട്ടുള്ള ആന്ത്രോത്ത് ദ്വീപിന്റെ വിസ്തീർണ്ണം 4.83 ച.കി.മീറ്ററിലാണ്. ഈ ദ്വീപ് കിഴക്ക് – പടിഞ്ഞാറ് ആയിട്ടാണ് നിലകൊള്ളുന്നത്. ഈ ദ്വീപിന് ലഗൂൺ (ബില്ലം) ഇല്ല. ദ്വീപ് മൊത്തമായി തെങ്ങു കൃഷിയാൽ നിബിഡമാണ്. ലക്ഷദ്വീപിൽ ഏറ്റവും ഗുണനിലവാരമുള്ള തേങ്ങയാണ് ഇവിടെ ലഭിക്കുന്നത്. പവിഴത്തുരുത്ത് മൊത്തിമായി ഉൾപ്പെട്ടതാണ് ദ്വീപ്. വടക്ക് കിഴക്ക് ഭാഗത്തായി കുറഞ്ഞ സ്ഥലത്ത് പവിഴപ്പുറ്റുകൾ വേലിയിറക്കത്തിൽ കാണപ്പെടുന്നുണ്ടെന്ന് മാത്രം. ബ്രേക്ക് വാട്ടർ പദ്ധതി നടപ്പിലാക്കിയപ്പോൾ പവിഴപ്പാറകൾ വ്യാപകമായി പൊട്ടിച്ചുമാറ്റിയിട്ടുണ്ട്. എ.ഡി. 664 ൽ ദ്വീപുകളിൽ ഇസ്ലാമിന്റെ സന്ദേശമെത്തിച്ച മഹാത്മാവിന്റെ കബർ ഈ ദ്വീപിലാണുള്ളത്. ദ്വീപിന് ചുറ്റും ബില്ലമില്ലാത്തതിനാൽ ബില്ലത്തിലെ മീൻ പിടുത്തം തീരെ കുറവാണ്. ദ്വീപുകാർക്ക് അപ്പൽ, കടലിറച്ചി എന്നിവ പിടിക്കുന്നതിൽ പ്രത്യേക കഴിവുണ്ട്. ദ്വീപിൽ കൃത്രിമമായി നിർമ്മിച്ച ധാരാളം കുന്നുകളും അവരെ ചുറ്റിപറ്റി ഐതീഹ്യങ്ങളും വസ്തുതകളും പറഞ്ഞുവരുന്നു. ആന്ത്രോത്തിൽ ദ്വീപിന് മധ്യത്തായി കുന്നിൻ ചരിവുകളും കാണപ്പെടുന്നു. അവിടങ്ങൾ ജലം സംമ്പരിച്ച് നിർത്തുന്നതിനുള്ള ശ്രോതസ്സുകളായി പ്രവർത്തിക്കുന്നു. ഇവിടെ വിവിധ ഇനം കൃഷി ചെയ്ത് വരുന്നു. ആന്ത്രോത്ത് ദ്വീപിലെ മൂല എന്ന സ്ഥലത്ത് ഒരു പ്രത്യേക പ്രതിഭാസം ദൃശ്യമാണ്. അവിടത്തെ മണൽ തിട്ട ഓരോ കാലാവസ്ഥയിലും ഒരിടത്ത് നിന്ന് മറ്റൊരിടത്തേക്ക്, വടക്ക് നിന്നും തെക്കോട്ട് മാറിക്കൊണ്ടിരിക്കുന്നു.

### 2.2. നിയന്ത്രിത മേഖലയുടെ പരിധി.

2.2.1 തീരദേശത്തെ നിയന്ത്രിത മേഖല യതൊരു വിധ വികസനവും പാടില്ലാത്ത (NDZ) വേലിയിറക്ക വേലിയേറ്റ മേഖലയോട് ചേർന്നുള്ളതാണ്. ഈ പ്രദേശത്ത് വികസന/ നിർമ്മാണ പ്രവൃത്തികൾ ചുരുക്കിയിട്ടുള്ളതും നിരോധിക്കപ്പെട്ടിട്ടുള്ളതുമാണ്. നിയന്ത്രണ മേഖല (Set Back Line) അടയാളപ്പെടുത്തിയിട്ടുള്ളത് എങ്ങനെയാണെന്ന് അനുബന്ധം - IIIൽ വിശദീകരിച്ചിട്ടുണ്ട്. ദ്വീപിലെ നിയന്ത്രണ മേഖല കണക്കാക്കിയിട്ടുള്ളത് അതാത് പ്രദേശത്തിന്റെ പ്രകൃത്യാലുള്ള വ്യത്യസ്ത കാര്യങ്ങൾ

കണക്കിലെടുത്തും ലഭ്യമായിട്ടുള്ള ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളും ദ്വീപിൽ ജനവാസമുള്ളതും ഇല്ലാത്തതുമായ മേഖലകൾ മുൻ നിർത്തിയാണ്.

2.2.2 ആന്ത്രോത്ത് ദ്വീപിലെ നിയന്ത്രിത കരുതൽ മേഖല നിർണ്ണയിച്ചുള്ളത് ശാസ്ത്രീയമായി ദ്വീപിനെ വിവിധ ഭാഗങ്ങളായി വേർതിരിച്ച് അനുബന്ധം III ൽ വിവരിച്ച പ്രകാരമാണ്. ആന്ത്രോത്ത് ദ്വീപിൽ ജനങ്ങൾ ദ്വീപിന്റെ എല്ലാ ഭാഗത്തുമായി ഏറെ കുറെ തുല്യമായി താമസമാക്കിയിട്ടുണ്ട്. ദ്വീപിന്റെ ഏതെങ്കിലും ഭാഗത്ത് പ്രത്യേക കൂട്ടമായി താമസമാക്കിയതായി പറയാൻ പറ്റില്ല. ആയതിനാൽ ജനവാസ മേഖലക്ക് മൊത്തമായി ഒരെപോലെ നിയന്ത്രിത/കരുതൽ മേഖല നിശ്ചയിക്കാവുന്നതാണ്. അപ്രകാരം ശാസ്ത്രീയമായ അടിസ്ഥാനത്തിൽ അനുബന്ധം III പ്രകാരം ജനവാസ മേഖലക്ക് മൊത്തമായി തീരദേശത്ത് ഓരേ അളവിലുള്ള കരുതൽ മേഖലയാണ് നിശ്ചയിച്ചിട്ടുള്ളത്. ദ്വീപിന് മധ്യത്തായി ജനവാസം ചുരുങ്ങി കാണപ്പെടുന്ന സ്ഥലങ്ങൾ അപ്രകാരം സംരക്ഷിക്കപ്പെടേണ്ടതാണ്.

2.2.3 മേൽ പറഞ്ഞ പ്രകാരം ദ്വീപിലെ മൊത്തം സ്ഥലം ജനവാസ മേഖലയായി കണക്കാക്കി ചുരുങ്ങിയ കരുതൽ മേഖലയായി 35 മീറ്റർ ദ്വീപിന് ചുറ്റും നിശ്ചയിച്ചിരിക്കുകയാണ്. ഇക്കാര്യം മാനേജ്മെന്റ് പ്ലാനിൽ അടയാളപ്പെടുത്തിയിട്ടുണ്ട്.

## 3. ആന്ത്രോത്ത് മാനേജ്മെന്റ് പ്ലാനിന്റെ സവിശേഷതകൾ.

ആന്ത്രോത്ത് ദ്വീപിനുള്ള പ്ലാനിലെ അനുവദനീയമായ കാര്യങ്ങൾ കണക്കിലെടുത്തും / നിരോധിക്കപ്പെട്ട കാര്യങ്ങൾ കണക്കാക്കിയും ഭൂവിനിയോഗ സംമ്പ്രദായങ്ങൾ ജനവാസമുള്ളതും ഇല്ലാത്തതുമായ പ്രദേശങ്ങൾ അടിസ്ഥാനമാക്കിയാണ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. 2011 – 2021 എന്നീ പത്ത് വർഷങ്ങളിലേക്കായിട്ടാണ് ഈ മാനേജ്മെന്റ് പ്ലാൻ നിർദ്ദേശിച്ചിട്ടുള്ളത്. ആവശ്യനാസുരണം പ്ലാൻ പുനഃപരിഗണിക്കാവുന്നതും കൂട്ടിച്ചേർക്കലുകൾ നടത്തവുന്നതുമാണ്. അത്പോലെ പ്ലാനിന്റെ കാലാവധി 2021 ൽ നിന്നും കൂട്ടാവുന്നതുമാണ്. ഈ പ്ലാനിലെ വിവിധ ഭാഗങ്ങളെ സംമ്പന്ധിച്ച സവിശേഷതകൾ താഴെ പ്രകാരമാണ്.

### 3.1 നിലവിലുള്ള ഭൂവിനിയോഗം.

ആന്ത്രോത്ത് ഏറ്റവും വലിയ ദ്വീപാണ്. ഏറ്റവും വീതി കൂടിയ ഭാഗത്ത് 1062 മീറ്ററാണ്. ഏറ്റവും വീതി കുറഞ്ഞത് കിഴക്കു ഭാഗത്ത് 412 മീറ്ററാണ്. ദ്വീപിൽ മൊത്തത്തിൽ തെങ്ങു കൃഷി വ്യാപകമായി ഇടതൂർന്ന് നിൽക്കുന്നു. ഈ ദ്വീപിൽ മാത്രമാണ് ദ്വീപിന് മധ്യത്തെ താഴ്ന്ന പ്രദേശങ്ങളെ തെങ്ങു കൃഷിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. മുൻകാലത്ത് അവിടങ്ങളിൽ നെല്ല് കൃഷി ചെയ്തിരുന്നു. അവിടവിടെയായി വേപ്പ്, പപ്പായാ, നാടൻ ചക്ക മരങ്ങളും കാണപ്പെടുന്നു. ജനങ്ങളുടെ വാസസ്ഥലം ദ്വീപിലാകെ വ്യാപമായി കാണപ്പെടുന്നു. 1 മീറ്റർ മുതൽ 2 മീറ്റർ വരെയുള്ള അടിയിലുണ്ടായിരുന്ന പവിഴപ്പാറകൾ ഭൂഉപരിതലത്തിൽ ശിതീലീകരിക്കപ്പെട്ട നിലയിൽ കാണുന്നു. ഇതിന് താഴെയായി സൂക്ഷമദ്വാരങ്ങളുള്ള ചുണ്ണാമ്പ് കല്ല് കാണാം. ഈ ഭൂപടത്തിന്റെ തടി 0.3 മീറ്ററാണ്. ചുണ്ണാമ്പുകല്ലുകൾക്ക് താഴെയായി ഭൂ ഗർഭത്തെക്ക് ഇറങ്ങുന്ന ജലം ശേഖരിച്ച് നിർത്തുന്നു. മറ്റ് ദ്വീപുകളിൽ നിന്നും വ്യത്യസ്ഥമായി കിഴക്ക് പടിഞ്ഞാറായിട്ട് ഈ ദ്വീപിന്റെ കിടപ്പ് ദ്വീപിന് ചുറ്റും കടൽ തീരത്തായി വേലിയേറ്റ മേഖലയിലൂടെ നീളം പവിഴക്കല്ലുകളാണ്. കടലോരത്ത് പാറകളും, ചരലുകളും വടക്ക് പടിഞ്ഞാറ് തീരത്ത് മണലും ചരലും ഇടകലർന്ന് കാണുന്നു.

### 3.2 നിലവിലുള്ള ജനവാസ മേഖല

ജനവസമേഖല ദ്വീപിൽ ഉടനീളം പരന്ന് കിടക്കുന്നു. വീടുകൾ ഒന്നിനൊന്ന് ചേർന്ന് ചുറ്റും വേലികളോട് കൂടിയാണ് ജനവാസ മേഖല സ്ഥിതിചെയ്യുന്നത്. Sy. No. 5B, 4A, 4C, 4B, 4A, 4D, 3D, 3C, 3D, 2C, 3D, 8D, 8C, 9A, 9B, 11B, 10C, 10B, 7B, 7C, 7A, 6D, 6C, 3B, 3A, 2D, 2B, 2C, 1C, 1B എന്നിങ്ങനെ ദ്വീപിന്റെ സവിസ്ഥാര സർവ്വേയിൽ കാണിച്ച പ്രകാരമാണ്. 2001 ലെ കനോഷ്ഡമാരി കണക്കുപ്രകാരം ആന്ത്രോത്തിലെ ജനസംഖ്യ 10720 ണ്. അതിൽ 5,356 പുരുഷന്മാരും 5,364 സ്ത്രീകളുമാണ്. ആന്ത്രോത്തിലെ ജനസംഖ്യ ക്രമമായി വർദ്ധിച്ച് വരുന്നുണ്ട്. ദ്വീപിലെ ശതവാർഷിക ജനസംഖ്യ വർദ്ധനവ് 17.52 ആയിട്ടാണ്. 1991–2001 കാലത്തെക്ക് കണക്കാക്കിയിട്ടുള്ളത്. 2001 ലെ ജന സന്ദ്രതാ ഒരു ചതുശ്ര കിലോ മീറ്റർക്ക് 2215 പേരാണ്. 1991 ൽ ജന സാന്ദ്രത 1419 ഉം 1951 ൽ 810 ഉം പേരുമായിരുന്നു. ദ്വീപിലെ സാക്ഷരത ശതമാനം 63 ൽ നിന്നും 84.74 ശതമാനമായി 2001 ലേക്ക് ഉയർന്നിട്ടുണ്ട്.

### 3.3. നിലവിലുള്ളതും നിർദ്ദേശിച്ചിട്ടുള്ളതുമായ സംരക്ഷണ സംയോജിത മേഖല.

ദ്വീപിലെ പ്രധാന പരിസ്ഥിത സംരക്ഷണം ലക്ഷ്യമാക്കുന്നത് പവിഴപ്പുറ്റുകൾ, ദ്വീപിലെ മത സാംസ്ക്കാരിക സ്ഥാപനങ്ങൾ, സ്മാരകങ്ങൾ, പ്രകൃതി സമ്പത്ത്, മറ്റ് പ്രധാന പൊതു സ്ഥാപനങ്ങൾ എന്നവയാണ്. ദ്വീപിലെ ഏറ്റവും പ്രധാന പരിസ്ഥിത പവിഴപ്പുറ്റുകളുടെ ശ്രഖലയാണ്. ഈ ദ്വീപിലെ പുറുകളിൽ ചുറ്റിപറ്റി പവിഴപ്പുറ്റുകൾ സമൃതമായി വളരുന്നുണ്ട്. പാറകളുടെ പടിഞ്ഞാറും, തെക്കും ഭാഗങ്ങൾ താരതമ്യേന നല്ല നിലയിലാണ് കാണപ്പെടുന്നത്. 1998 ലെ വ്യാപകമായ പവിഴപ്പുറ്റ് നാശത്തിൽ ആന്ത്രോത്തിലെ പവിഴപ്പുറ്റുകൾക്കും വ്യാപകമായ നാശമുണ്ടായിട്ടുണ്ട്. ലക്ഷദ്വീപ് സമൂഹത്തിൽ ബില്ലമില്ലാത്തത് ഏക ദ്വീപാണ് ആന്ത്രോത്ത്. പള്ളികളും മദ്രസ്സകളും ദ്വീപിലെ പ്രധാന മത സ്ഥാപനങ്ങളാണ്. മറ്റ് സംരക്ഷിക്കപ്പെടേണ്ട സ്ഥാപനങ്ങൾ ലൈറ്റ് ഹൗസ്, കടൽ പാലം, സ്കൂൾ, വിനോദ സഞ്ചാര കേന്ദ്രം, ജട്ടിക്ക് ചുറ്റുമായി മീൻ ഇറക്കുന്ന കേന്ദ്രങ്ങൾ എന്നിവയും ഈ സംരക്ഷണ മേഖലയിൽ പെടുത്തിയവയുമാണ്.

### 3.4 നിലവിലുള്ളതും നിർദ്ദേശക്കപ്പെട്ടതുമായ വികസ പദ്ധതികൾ.

ലക്ഷദ്വീപ് ഭരകൂടവുമായി കൂടിയാലോചിച്ച് ഇപ്പോൾ ദ്വീപിൽ നിലവിലുള്ളതും അടുത്ത് പത്തു കൊല്ലത്തേക്ക് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ വികസന വദ്ധതികൾ ഈ പ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ 144 സ്ഥാപനങ്ങളുള്ളതിൽ തീര സംരക്ഷണ കേന്ദ്രം, തുറമുഖ വകുപ്പ്, ഇന്റോർ സ്റ്റേഡിയം, പൊതുമരാമത്ത് വകുപ്പ് സ്റ്റോർ, തീര പോലീസ് കേന്ദ്രം, ഗവൺമെന്റ് പ്രസ്സ്, ഐ.ആർ.ബി, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ഗോഡൗൺ, എലക്ട്രിസിറ്റി ബോർഡ്, പോസ്റ്റ് ഓഫീസ്, സോളാർ പ്ലാന്റ്, എപ്ലോയിമെന്റ് ഓഫീസ് മുതലായവ ഉൾപ്പെടുന്നു. പുതുതായി നിർദ്ദേശിച്ചിട്ടുള്ളത് 41 പദ്ധതികളാണ്. ഇതിൽ സിവിൽ സ്റ്റേഷൻ, പശു വളർത്തൽ കേന്ദ്രം, ജല ശുദ്ധീകരണ പ്ലാന്റ്, സിലിപ്പ് വേ, ശാസ്ത്ര പാർക്ക്, പാസഞ്ചർ ഹാൾ, തൊഴിൽ പരീശീല കോളേജ്, പാചക വാതക ഗോഡൗൺ മുതലായവ ഉൾപ്പെടുന്നു. എല്ലാ പുതിയ വികസ പദ്ധതികളും തീര ദേശത്തെ വികസന രഹിത കരുതൽ മേഖലയിൽ വരാത്തതും ആയതിനാൽ അനുവദനീയമാണ്.

**3.5 നിലവിലുള്ളതും നിർദ്ദേശിച്ചിട്ടുള്ളതുമായ അടിസ്ഥാന സൗകര്യങ്ങൾ.**

മാനേജ്മെന്റ് പ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പ്രധാന അടിസ്ഥാന സൗകര്യ പദ്ധതികളിൽ പുതിയ കടൽ പാലം നിർമ്മാണം, നിലവിലെ കടൽ പാലത്തിന്റെ നീളം കൂട്ടൽ, ചരക്ക് ജെട്ടി, സ്ലിലിപ്പ് വേ, പുതിയ വിമാനത്താവള നിർമ്മാണം, ഹോമിയോപ്പതി ആശുപത്രി, സിവിൽ സ്റ്റേഷൻ, ജല ശുദ്ധീകരണ പ്ലാന്റ് മുതലായവയാണ്. വൻകരയും ദ്വീപിനുമിടക്ക് ഏറ്റവും കൂടുതൽ യാത്രക്കാർ സംഞ്ചരിക്കുന്നത് ആന്ത്രോത്തിൽ നിന്നാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

**3.6. നിലവിലുള്ളതും നിർദ്ദേശിച്ചിട്ടുള്ളതുമായ വിനോദ സഞ്ചാര റിസോർട്ടും വിനോദ സഞ്ചാര സൗകര്യവും.**

ലക്ഷദ്വീപിൽ ഇപ്പോൾ നിലവിലുള്ള സൗകര്യങ്ങളും ദ്വീപുകൾ തമ്മിലുള്ള അടുപ്പവും കണക്കിലെടുത്ത് വിനോത സഞ്ചാരം മുൻഗണനാടിസ്ഥാനത്തിൽ നടത്താവുന്നതാണ്. കടലോരം സ്ഥിരമായി നിലകൊള്ളുന്നതും പെരുകുന്നതും കടലാക്രമ ഭീഷണി ഇല്ലാത്തതുമായ സ്ഥലങ്ങളിൽ CMMP (1997) ലെ അനുബന്ധനം 2 ലെ നിർബന്ധങ്ങൾക്ക വിധേയമായി വിനോദ സഞ്ചാര കേന്ദ്രങ്ങൽ സ്ഥാപിക്കാവുന്നതാണ്.

- എല്ലാ ടൂറിസവുമായി ബന്ധപ്പെട്ട പദ്ധതികളും അതാത് സ്ഥലത്തെ പ്രകൃതി വിഭവങ്ങളുടെ ഉപയോഗവും പരിസ്ഥിതിക്ക് താങ്ങാൻ കഴിയാവുന്നത്രയുമാണ് തിട്ടപ്പെടുത്തിയ ശേഷം പരിഗണിക്കേണ്ടതാണ്.

- യതൊരു പ്രവർത്തനവും പവിഴപ്പുറ്റുകളുടെ നശീകരണത്തിന് ഇടയാക്കുന്നതാകരുത്.

- പവിഴപ്പുറ്റുകളുടെ സമുദ്ര ഭാഗത്ത് യാതൊരു കടുത്ത നിർമ്മാണ പ്രവർത്തനവും നടത്താവുന്നതല്ല.

- ടൂറിസവുമായി ബന്ധപ്പെട്ട പദ്ധതികളിൽ നിന്നും കടലിലേക്ക് / ബില്ലത്തിലേക്ക് യാതൊരു വിധത്തിലും സംസ്ക്കരിക്കാത്ത ജല മാലിന്യങ്ങളോ ഖര മാല്യന്യങ്ങളോ ഒഴുക്കരുത്.

### 3.7. തീരദേശ സംരക്ഷണം.

ദ്വീപിന്റെ പല ഭാഗത്തും കടൽ ഭിത്തികൾ നിർമ്മിച്ചിട്ടുണ്ട്. ഇവ മണ്ണൊലിപ്പ് തടയുവാൻ സഹായമാണെങ്കിലും ദ്വീപിന്റെ കടൽ തീരത്ത് സൗകര്യം കുറക്കുകയും അങ്ങോട്ടുള്ള പ്രവേശന മാർഗ്ഗം തടസ്സപ്പെടുത്തുകയും ചെയ്യുന്നു. പരിസ്ഥിതി സൗകര്യമായതും ടൂറിസം പദ്ധതിക്ക് ചേരുന്നതുമായ മറ്റ് മാർഗ്ഗങ്ങൾ ആലോചിക്കാവുന്നതാണ്.

### 3.8 നിലവിലുള്ളതും നിർദ്ദേശിച്ചിട്ടുള്ളതുമായ മലിന ജലസംസ്ക്കരണം.

2011 ലെ കനോഷ്ടമായി കണക്കനുസരിച്ച് ആന്ത്രോത്ത് ദ്വീപിലെ ജനസംഖ്യ 11191 ആണ്. ഇത് ലക്ഷദ്വീപിലെ ജനസംഖ്യയുടെ 17.67 ശതമാനമാണ്. ലക്ഷദ്വീപ് സമൂഹത്തിലെ ജനവാസമുള്ള ഏറ്റവും വലിയ ദ്വീപാണിത്. ജനസംഖ്യയിലെ ക്രമമായ വർദ്ധന, ഉയർന്ന ജല സന്ദ്രത കൂടുതലായി നടപ്പിലാക്കാവുന്ന വികസന പദ്ധതികൾ മുതലായവ ദ്വീപിൽ കൂടുതൽ ജനമാലിന്യങ്ങൾക്ക് കാരണമാവുന്നു. അത് ദ്വീപിന്റെ പ്രകൃതിയിലുള്ള മാലിന്യ സംസ്ക്കരണ ശേഷിയെ ബാധിക്കുന്ന വിധമാണ്. മാലിന്യ സംസ്ക്കരണത്തിന് ഇപ്പോൾ പ്രത്യേക പദ്ധതി നിലവിലില്ലാത്തതും ഉള്ളത് തികച്ചും അപര്യാപ്തവുമാണ്. ദ്വീപിലെ മാലിന്യത്തിന്റെ തോതും അതിന്റെ ശേഖരണവും സംസ്ക്കാര സമ്പ്രദായവും മനസ്സിലാക്കാൻ പ്രത്യേകം പഠനങ്ങൾ നടത്തേണ്ടത് അത്യാവശ്യമാണ്.

3.9 നിലവിലുള്ളതും നിർദ്ദേശിച്ചിട്ടുള്ളതുമായ കുടിവെള്ള പദ്ധതി ആന്ത്രോത്ത് ദ്വീപിലെ ഭൂഗർഭ ജല ശേഖര ശേഷി 6.99 ദശലക്ഷം ക്യൂബിക്ക് മീറ്ററാണ്. വാർഷിക ജല ലഭ്യത 1.68 ദശലക്ഷം ക്യൂബിക്ക് മീറ്ററാണ്. ഇത് മറ്റിതര ജനവാസമുള്ള ദ്വീപുകളോട് താരതമ്യം ചെയ്യുമ്പോൾ ഉയർന്നതാണ്. വാർഷിക ജല സ്രോതസ് കൂട്ടാൻ നടപടി സ്വീകരിക്കേണ്ടതുണ്. ഭൂഗർഭ ജല സ്രോതസ് വരൾച്ച പോലുള്ള ഘട്ടങ്ങളിൽ ഉപയോഗിക്കാൻ കരുതൽ ശേഖരമായി കരുതേണ്ടതാണ്. ആന്ത്രോത്തിലെ ഭൂഗർഭ ശുദ്ധജല സ്രോതസ് സംരക്ഷിച്ച് നിർത്തത്തക്കവിധം ജല വിനിയോഗം നിയന്ത്രിക്കേണ്ടതാണ്.

### 3.10 പാരമ്പര്യേത ഊർജ്ജ സംവിധാനം

ഇപ്പോൾ ഡീസൽ ജനറേറ്റുകളെ അടിസ്ഥാനമാക്കിയുള്ള വൈദ്യുതി ഉൽപ്പാദനമാണ്. ദ്വീപിലെ സ്ഥാപിത ഉൽപ്പാതന ശേഷി 5270 ഗണ. നിന്നും 8120 ഗണ ആയി ഉയർത്തിട്ടുണ്ട്. ഇത്തരത്തിൽ ഇടതടവില്ലാതെ ദ്വീപിൽ വൈദ്യുതി വിതരണം ചെയ്യുന്നുണ്ട്. ഡീസൽ ജനറേറ്റകൾ വളരെയേറെ മലീനീകരണത്തിന് വഴി തെളിയിക്കുന്ന വൻകരയിൽ നിന്നും ദ്വീപിലേക്ക് ഡീസൽ കൊണ്ട് വരുമ്പോൾ അതിൽ നിന്നും ചോർച്ച ഉണ്ടാകാനും അതുവഴി ഭൂമിയും ഭൂഗർഭ ജലവും മലിനീകരിക്കുവാൻ സാധ്യതയുണ്ട്. ശബ്ദമലീനീകണവും വായു മലിനീകരണവും ഉണ്ടാകുന്നു. വൈദ്യുതി ഉൽപ്പാദന കേന്ദ്രങ്ങൾ ജനവാസ മേഖലയിലായാൽ മലിനീകരണം ജനങ്ങളെയും ബാധിക്കുന്നു. മൽത്സ്യബന്ധന വിനോദ സഞ്ചാരം എന്നിവയുമായി ബന്ധപ്പെട്ട വ്യവസായത്തിന് കൂടുതൽ വൈദ്യുതി ആവശ്യമാണ്. വൈദ്യുതിയുടെ കൂടിവരുന്ന ആവശ്യം നേരിടാനായി ഭരണകൂടം പാരമ്പര്യോതര ഊർജ്ജ സംവിധാനം വികസിപ്പിക്കുന്നതിന് വേണ്ട നടപടിയെടുത്തു വരുന്നു.

## 4. വിവിധ ഭൂവിനിയോഗ മേഖലകളിലെ വികസന പ്രവർത്തനത്തിനുള്ള അനുവാദം

ഇപ്പോൾ നിലവിലുള്ള ആന്ത്രോത്ത് ദ്വീപിലെ ഭൂവിനിയോഗ സംമ്പ്രദായങ്ങൾ കണക്കിലെടുത്ത് പിപുലമായി രണ്ട് മേഖലകളാക്കാം. അവ ബില്ലം ഉൾപ്പെട്ട മേഖലയും ജനങ്ങളുടെ വാസ മേഖലയും ഉൾപ്പെട്ട ജനവാസ മേഖലയാണ്. ബില്ലം ഉൾപ്പെട്ട മേഖല പരിസ്ഥിത ലേലവും (ESZ-I) വികസന പ്രവർത്തനങ്ങൾക്ക് നിരോധനമുള്ള മേഖലയാണ്. ഇവിടെ വികസന പ്രവർത്തികൾ നിയന്ത്രിക്കേണ്ടതും അഡ്മിനിസ്ട്രേറ്ററുടെ അനുമതിയോടെ നടത്താവുന്നതുമാണ്. ഇക്കാര്യം മാനേജ്മെന്റ് പ്ലാനിൽ വിശദീകരിച്ചിട്ടുണ്ട്. ദ്വീപ് മുഴുവനായി വ്യാപിച്ച് കിടക്കുന്ന ജനവസാ മേഖലയും പരിസ്ഥിതി ലേല മേഖലയാണ്. (ESZ-II) ഈ മേഖല നിയന്ത്രിത സംരക്ഷിത പ്രദേശമാണ്. മാനേജമെന്റ് പ്ലാനിൽ ഒരു കരുതൽ മേഖല (വികസന രഹിത മേഖല) ഇവിടെക്കായി നിശ്ചയിച്ചിട്ടുണ്ട്. വളരെയധികം പേർ വസിക്കുന്നത് ഇവിടെയാണ്. ആയതിനാൽ അവരുടെ തന്നെ നന്മ കണക്കിലെടുത്തും വികസന ആവശ്യങ്ങൾ കണക്കിലെടുത്തുമാണ് ഇവിടെ പഞ്ചായത്ത് ഗ്രാമ സഭ നിയന്ത്രണത്തിൽ വികസന നിയന്ത്രണപ്പെടുത്തുന്നത്. ദ്വീപിന്റെ വടക്കും കിഴക്കും തീര പ്രദേശത്ത് വിനോദ സഞ്ചാര വികസനത്തിന് സാധ്യതകളുണ്ട്. ഈ ദ്വീപിൽ (ESZ -III)

എന്നൊരു മേഖലയില്ല. ദ്വീപിന്റെ മധ്യഭാഗത്ത് ജനസാന്ദ്രത കുറവാണ്. ആകയാൽ അവിടെ പുതിയ വികസന പ്രവർത്തനങ്ങൾ നിയന്ത്രണത്തോടെ ആകാവുന്നതാണ്. ദ്വീപിലെ വിപിന്നങ്ങളായ ഭൂ വിനിയോഗ മേഖലകളും മറ്റും കണക്കിലെടുത്ത് ദ്വീപിലെ വികസന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് ലളിതമായ ഒരു റഗുലേഷൻ അനുബന്ധനം V നൽകിയട്ടുണ്ട്. അനുബന്ധനം II പ്രകാരം ലക്ഷദ്വീപ് കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോരിറ്റി ലക്ഷദ്വീപ് പരിസ്ഥിത ക്ലേയറൻസ്, ജില്ലാ പഞ്ചായത്ത് എന്നിവയുടെ അനുവാദം വിവിത പ്രവർത്തനങ്ങൾക്ക് ആവശ്യമാണ്.